# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5072** **01/07/2013 –ൽ മറുപടിക്ക്**

## യുവാക്കൾക്കായി ദേശീയോദ്ഗ്രഥന ക്യാമ്പ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. വി. റ്റി. ബൽറാം<br>ശ്രീ. പി. സി. വിഷ്ണുനാഥ്<br>ശ്രീ. ഷാഫി പറമ്പിൽ | കുമാരി. പി.കെ. ജയലക്ഷ്മി<br>(ബഹു: പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി) |
| (എ)യുവജനക്ഷേമ ബോർഡ് യുവാക്കൾക്കായി ദേശീയോദ്ഗ്രഥന ക്യാമ്പ് (ജാഗരൺ ഭാരത്) സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) കേരള സംസ്ഥാനയുവജനക്ഷേമ ബോർഡ് 2013 മേയ് 8 മുതൽ 12വരെ തിരുവനന്തപുരത്ത് വച്ച് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് ജാഗരൺ ഭാരത് എന്ന പേരിൽ ഒരു ദേശീയോദ്ഗ്രഥന ക്യാമ്പ് സംഘടിപ്പിച്ചിട്ടുണ്ട്. പഞ്ചാബ്, ആന്ധ്ര പ്രദേശ്, ഹിമാചൽ പ്രദേശ്, മഹാരാഷ്ട്ര, പശ്ചിമ ബംഗാൾ, മിസോറാം, രാജസ്ഥാൻ, ഉത്തരാഖണ്ഡ്, കർണ്ണാടക, മേഘാലയ, ഒറീസ, ഗോവ, മധ്യപ്രദേശ്, ഹരിയാന, അസം, ജമ്മുകാശ്മീർ, കേരളം എന്നീ 17 സംസ്ഥാനങ്ങളിൽ നിന്നുമായി 350ഓളം പ്രതിനിധികൾ ക്യാമ്പിൽ പങ്കെടുത്തു. ക്യാമ്പിന്റെ ഭാഗമായി ദേശീയപതാക വന്ദനം, ദേശീയ ഗാനാലാപനം, സെമിനാറുകൾ, ഇന്റഗ്രേഷൻ വോക്ക്, കലാപരിപാടികൾ എന്നിവ സംഘടിപ്പിച്ചു. |
| (ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; | (ബി) രാജ്യത്തെ വിവിധ ആചാരങ്ങളേയും, ജീവിത രീതിയേയും സംസ്കാരത്തേയും |

| | |
|---|---|
| | കുറിച്ച് പരസ്പരം മനസ്സിലാക്കുക, സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ ഒരുമിച്ച് പ്രവർത്തിക്കുക, അതുവഴി വൈവിദ്ധ്യങ്ങളിലെ ഏകത്വം മനസ്സിലാക്കുക, വിവിധ സംസ്ഥാനങ്ങളിലെ കലാരൂപങ്ങളെ അടുത്തറിയുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിയുള്ള ദേശീയോദ്ഗ്രഥനത്തിലൂന്നിയ കലാ-സാംസ്കാരിക സമന്വയമായിരുന്നു പ്രസ്തുത ക്യാമ്പ്. |
| (സി) ക്യാമ്പ് നടത്തുന്നതിന് ആരെല്ലാമാണ് സഹകരിക്കുന്നത്; | (സി) വിതുര ഗ്രാമപഞ്ചായത്തും വർക്കല മുൻസിപ്പാലിറ്റിയും ക്യാമ്പുമായി സഹകരിച്ചിട്ടുണ്ട്. |
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (ഡി) 2013 മേയ് 8 മുതൽ 12വരെ ക്യാമ്പ് വിജയകരമായി സംഘടിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ